# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26

## ചങ്ങരോത്ത് എം.യു.പി സ്കൂൾ
## കുന്നുമ്മൽ സബ് ജില്ല

PDF IMG to PDF
PDF Converter

## ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയ ചരിത്രം
- പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ
- നിലവിലെ അവസ്ഥ
- സാമൂഹ്യപങ്കാളിത്തം
- ഭാഷാപഠനം
- മലയാളം
- ഇംഗ്ലീഷ് ഭാഷ
- ഗണിത പഠനം
- ശാസ്ത്ര പഠനം
- ഭാഷാപഠനം (അറബിക്, ഉറുദു, സംസ്കൃതം)
- ഹിന്ദി പഠനം
- ലബോറട്ടറി നവീകരണം
- സാമൂഹ്യശാസ്ത്ര പഠനം
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു നല്കുന്ന പ്രവർത്തനങ്ങൾ
- ഉച്ചഭക്ഷണ പദ്ധതി
- ആരോഗ്യ കായിക വിദ്യാഭ്യാസം
- പഠനനേട്ടം ഉറപ്പാക്കൽ
- സ്കൗട്ട് ഗൈഡ് പ്രവർത്തനങ്ങൾ
- ജൈവവൈവിധ്യ പാർക്ക്
- ഗൃഹസന്ദർശനം
- എന്റെ വിദ്യാലയം ശുചിത്വ വിദ്യാലയം
- ജാഗ്രതാ സമിതി, ബോധവൽക്കരണം
- LSS, USS പരിശീലനം
- ഉപസംഹാരം


IMG to PDF
PDF Converter

## ആമുഖം

പൊതുവിദ്യാലയങ്ങൾ നാടിന്റെ നന്മയുടെ സങ്കേതങ്ങളാണ്. ഇന്ന് കേരളം നേടിയ സുപ്രധാനമായ ഓരോ മുന്നേറ്റത്തിന് പിന്നിലും പൊതുവിദ്യാലയ സംവിധാനങ്ങൾ വഹിച്ച പങ്ക് അനിഷേധ്യമാണ്. ഇതിനെ സംരക്ഷിക്കാൻ കഴിയണം. അതുകൊണ്ട് തന്നെ പൊതുവിദ്യാലയ സംരക്ഷണം ഓരോ പൗരന്റെയും സമൂഹത്തിന്റെയും കടമയാണ്. ഉയർന്ന അക്കാദമിക നിലവാരവും ആകർഷകമായ ഭൗതിക സാഹചര്യങ്ങളും രൂപപ്പെടുത്തി നമ്മുടെ വിദ്യാലയത്തെയും കൂടുതൽ മികവുറ്റതാക്കാനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയാണ് വിദ്യാലയ വികസന സെമിനാർ കൊണ്ട് ലക്ഷ്യം വെക്കുന്നത്. ഒറ്റരാത്രി കൊണ്ട് എല്ലാം മാറ്റി മറിക്കുന്ന മാന്ത്രിക വിദ്യകളല്ല മറിച്ച് പൂർണ്ണ മനസ്സോടെ സമർപ്പണ മനോഭാവത്തോടെ നിറഞ്ഞ വിശ്വാസത്തോടെ സമൂഹത്തിലെ വിവിധ വിഭാഗങ്ങളടങ്ങിയ കൂട്ടായ്മയിലൂടെ പൊതുവിദ്യാലയ സംരക്ഷണം എന്ന വലിയ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റപ്പെടുകയാണ്. സമഗ്രവിദ്യാലയ വികസന സങ്കല്പമെന്നത് കഴിവും പ്രാപ്തിയമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തിനാണ് പ്രാധാന്യം നൽകുന്നത്. വിദ്യാഭ്യാസത്തിന്റെ വീക്ഷണ ഗതികളിൽ ഇന്ന് വളരെയേറെ മാറ്റം വന്ന് കഴിഞ്ഞു. വസ്തുതകളെല്ലാം മനഃപാഠമാക്കി പഠിച്ച് ഓർമ്മ ശക്തി മാത്രം പരിശോധിക്കപ്പെട്ടിരുന്ന പഴയകാല രീതികളിൽ നിന്ന് വ്യത്യസ്തമായി കുട്ടി തന്റെ അനുഭവങ്ങളിലൂടെ അറിവ് സ്വയം നിർമ്മിച്ചെടുക്കുന്ന രീതിയാണ് ഇന്ന് നിലനിൽക്കുന്നത്. ഇന്ന് അറിവ് സ്വായത്തമാക്കുന്നതിന് വൈവിധ്യങ്ങളായ അവസരങ്ങൾ ഇന്ന് കുട്ടിക്കുണ്ട്. അതിനുള്ള സൗകര്യങ്ങൾ വിദ്യാലയ സംവിധാനത്തിലൂടെ തന്നെ ലഭ്യമാക്കപ്പെടണം. വിദ്യാഭ്യാസം ഒരു സേവന പ്രക്രിയ എന്നതിൽ നിന്ന് വാണിജ്യ വൽക്കരണത്തിന്റെ തലങ്ങളിലേക്ക് മാറ്റപ്പെടുന്ന ഘട്ടത്തിൽ സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം വേർതിരിവുകളില്ലാതെ ലഭ്യമാക്കുന്ന പൊതുവിദ്യാലയങ്ങൾ ഹൈടെക് സംവിധാനത്തിലേക്ക് മാറ്റപ്പെടുമ്പോൾ അത് നാടിന്റെ മൊത്തം പുരോഗതിക്ക് മുതൽക്കൂട്ടാവും. വിദ്യാലയത്തിലേക്ക് ഓടി വരുന്ന കുട്ടികളേയും വീട്ടിലേക്ക് പതുക്കെ പോവുന്ന കുട്ടികളെയും സൃഷ്ടിക്കുന്ന രീതിലാവണം നമ്മുടെ വിദ്യാലയങ്ങൾ. ചരിത്രം പഠിക്കുന്നവരും ചരിത്രത്തിൽ നിന്ന് പഠിക്കുന്നവരുമാണേറെ. ഇവിടെ ചരിത്രം സൃഷ്ടിക്കുന്ന ഒരു തലമുറയായിരിക്കണം നമ്മുടെ ലക്ഷ്യം.

PDF IMG to PDF
PDF Converter

## ലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തിന് മനുഷ്യൻ പണ്ട് മുതലെ വളരെയേറെ പ്രാധാന്യം നൽകിയിരുന്നു. വിദ്യാഭ്യാസമെന്നത് ഒരു സാമൂഹിക പ്രക്രിയ ആയത് കൊണ്ട് തന്നെ സാമൂഹിക പങ്കാളിത്തവും ചർച്ചകളും ഇക്കാര്യത്തിൽ അത്യാവശ്യമാണ്. ഇന്ന് നാം നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കാനും പ്രതീക്ഷകൾ നിറവേറ്റാനുമുതകുന്ന രീതിയിൽ വിദ്യാഭ്യാസ രീതികളേയും വിദ്യാലയ സംവിധാനത്തേയും എത്തിക്കേണ്ടതുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും ഉൾച്ചേർത്ത് മുന്നോട്ട് നയിക്കാൻ കഴിയുന്ന ഒരു വേദി എന്ന നിലക്ക് പൊതുവിദ്യാലയ സംവിധാനത്തെ നിലനിർത്താനും ശക്തിപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾക്ക് പ്രസക്തി വളരെയേറെയാണ്. ഇതിലേക്കുള്ള ഒരു പ്രധാന ചുവട് വെപ്പാണ് വിദ്യാലയ വികസന പദ്ധതി. ഭൗതികവും അക്കാദമികവും സാമൂഹികവുമായ പുരോഗതി ഉറപ്പ് വരുത്തുന്നതിലൂടെ സമഗ്ര വിദ്യാലയ വികസനം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാൻ കഴിയണം. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ - സർക്കാരിതര ഏജൻസികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ മാത്രമേ വിദ്യാലായ വികസന പദ്ധതി ഫലവത്താക്കി മാറ്റാൻ കഴിയൂ. സമയബന്ധിതമായ രീതിയിൽ വ്യക്തമായ മുന്നൊരുക്കളിലൂടെ വിദ്യാലയ വികസനം സാധ്യമാക്കേണ്ടതുണ്ട്.

കുട്ടിക്കു പഠനവിഷയങ്ങളിൽ ആശയ ദൃഢതയും പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവും ഉണ്ടാകണം. സാമൂഹ്യ രംഗത്തെ കുറിച്ച് ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം. കുട്ടിയടെ കഴിവ് കേവലം പഠന വിഷയങ്ങൾക്കായി ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന രീതിയിൽ സമഗ്ര വികസനം സാധ്യമാക്കണം. അന്താരാഷ്ട്ര പഠനനിലവാരവും ഉന്നത അധ്യാപനവും പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങളും കുട്ടിക്കായി ഉറപ്പ് വരുത്തേണ്ടതുണ്ട്. കാർഷിക സംസ്കാരം വളർത്തിയെടുക്കുകയും മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുകയും പ്ലാസ്റ്റിക്മുക്ത-കീടനാശിനിമുക്ത-ലഹരിമുക്ത വിദ്യാലയം എന്നത് യാഥാർത്ഥ്യമാക്കുകയും വേണം. സ്കൂൾതലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുകയും വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുകയും പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകുകയും കുട്ടികളുടെ മാനസിക പിരുമുറുക്കം ഇല്ലാതാക്കാൻ കൗൺസലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യണം.

പ്രീ സ്കൂൾ വിദ്യാഭ്യാസത്തെ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ പുനരാവിഷ്ക്കരിക്കുക, ഓരോ സ്കൂൾ വിദ്യാർത്ഥിയും അന്താരാഷ്ട്രനിലവാരമുള്ള കഴിവുകളും ധാരണകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതോടൊപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം ഉളവാക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസനത്തിനും തുല്യഅവസരങ്ങൾ ഉണ്ടാകണം. അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറി കടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടണം. മത്സരാധിഷ്ഠിതമായ ലോകത്തിൽ ജീവിക്കാനാവശ്യമായ അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ട് പോക്കിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കുക. ഇതോടൊപ്പം പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങള പ്രദാനം ചെയ്യുക എന്നിവ ആവശ്യമാണ്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കപ്പെടണം. കാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ ജൈവ വൈവിധ്യ ഉദ്യാനം രൂപപ്പെടുത്തണം.

PDF IMG to PDF PDF Converter

# പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്ന രീതിയിൽ ഓരോ പൊതുവിദ്യാലയങ്ങളും അക്കാദമികവും ഭൗതികവുമായ വികസനം സാധ്യമാക്കി ഉന്നതിയിലേക്കു കുതിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ച്കൊണ്ട് ശിശുസൗഹൃദ വിദ്യാലയം എന്ന സങ്കല്പം സാക്ഷാൽക്കരിച്ച് കൊണ്ടാണ് ഓരോ പൊതുവിദ്യാലയവും മുന്നോട്ട് നീങ്ങുന്നത്. കുട്ടികളുടെ പ്രായത്തിനും ബുദ്ധിവളർച്ചക്കുമുതകുന്ന രീതിയിലുള്ള പാഠ്യരീതികളും നിലവാരത്തിനനുയോജ്യമായ ബോധന തന്ത്ര ശാസ്ത്രങ്ങളുമാണ്. പൊതുവിദ്യാലയങ്ങൾ പിന്തുടരുന്നത്. പതിറ്റാണ്ടുകളായി നടത്തിക്കൊണ്ടിരിക്കുന്ന പഠനങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും മനഃശാസ്ത്ര ചിന്താധാരകൾക്കുമനുസരിച്ച് പുതിയ പുതിയ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. അതിനനുസരിച്ചുള്ള സമഗ്രമമായ പരിശീലന പദ്ധതികളാണ് പ്രത്യേക സംവിധാനങ്ങളിലൂടെ അധ്യാപകർക്ക് ലഭിച്ച് കൊണ്ടിരിക്കുന്നത്. പഠനകാലം പൂർത്തിയാകുമ്പോൾ ശാരീരകമായും മാനസികവുമായുള്ള സമഗ്രവികാസം ഉറപ്പ് വരുത്തുന്ന പൊതുവിദ്യാലയ പാഠ്യപദ്ധതി വളരെയേറെ മഹത്തായതാണ്. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ടിതമായ പഠന രീതികളിലേക്കാണ് പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ്മുറികൾ മാറ്റപ്പെടുന്നത്. കുട്ടികൾക്ക് മികച്ച രീതിയിൽ അനുഭവങ്ങളിലൂടെ അറിവ് ആർജ്ജിച്ചെടുക്കുന്നതിനുള്ള അവസരങ്ങളും സൗകര്യങ്ങളും ഇതിന്റെ ഭാഗമായി ഒരുക്കപ്പെടുകയാണ്. സമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്നുള്ളവരുടെ കൂട്ടായ പരിശ്രമത്തിലൂടെയാണ് പൊതുവിദ്യാലയ സംരക്ഷണം എന്ന ദൗത്യം നിറവേറ്റപ്പെടുന്നത്. തന്റെ അയൽപ്പക്ക വിദ്യാലയങ്ങളിൽ കുട്ടികളെ അയക്കുകയും വിദ്യാലയ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ട ബാധ്യതയും ഓരോ വ്യക്തിക്കുമുണ്ട്. പൊതുവിദ്യാലയങ്ങൾ ഇല്ലാതാകുന്ന അവസ്ഥ നമ്മുടെ സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുക. സാമ്പത്തികമോ ജാതിപരമോ മതപരമോ ആയ വിവേചനങ്ങളില്ലാത്ത പൊതുഇടങ്ങൾ കാത്ത് സൂക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നമ്മുടെ നാടിന്റെ പുരോഗതിയുടെ അടയാളങ്ങളും അഭിമാനസ്തംഭങ്ങളും ആകേണ്ട ഇത്തരം വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി നിലനിർത്താൻ നാട്ടുകാർക്ക് ബാധ്യതയുണ്ട്.

IMG to PDF
PDF Converter

മേഖല : അക്കാദമികം
ഉപമേഖല : സാമൂഹിക പങ്കാളിത്തം

പുതിയ പാഠ്യപദ്ധതി പ്രകാരം വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സമൂഹം വലിയ പങ്ക് വഹിക്കേണ്ടതുണ്ട്. അതിൽ ഏറ്റവും മുൻഗണന കൊടുക്കേണ്ടത് പി.ടി.എ ക്കാണ്. പുതിയ പാഠ്യപദ്ധതിയെക്കുറിച്ചും മൂല്യനിർണയത്തെക്കുറിച്ചും രക്ഷിതാക്കൾക്ക് വ്യക്തമായ ധാരണയുണ്ടാക്കേണ്ടതുണ്ട്. പി.ടി.എ കൂടുതൽ സജീവമാക്കുന്നതിനുവേണ്ടി അതിനെ എം.പി.ടി.എ ആയും സി.പി.ടി.എ ആയും തരംതിരിച്ചിരിക്കുന്നു. രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കി പി.ടി.എയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.

1. അധ്യയന വർഷാരംഭത്തിൽ തന്നെ പി.ടി.എ വിളിച്ചുചേർക്കുകയും വാർഷിക പദ്ധതിക്കു രൂപം നല്കുകയും ചെയ്യുക.
2. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.
3. സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ പി.ടി.എ യുടെ പങ്ക് ഉറപ്പാക്കുക.
4. ഉച്ചഭക്ഷണത്തിന്റെ ഗുണവിലവാരം മെച്ചപ്പെടുത്താൻ പി.ടി.എ.യുടെ സേവനം ഉപയോഗപ്പെടുത്തുക.
5. വ്യക്തിത്വ വികാസം, ആരോഗ്യ പരിപാലനം
6. സി.പി.ടി.എ മാസം തോറും വിളിച്ചുചേർക്കുകയും വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങള ചർച്ച ചെയ്യുകയും ചെയ്യുക.
7. ഓരോ പാഠഭാഗങ്ങളിലൂടെയും കുട്ടികൾ നേടേണ്ട ശേഷികൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
8. പഠനോപകരണങ്ങളുടെ നിർമ്മാണത്തിൽ രക്ഷിതാക്കളുടെ സഹായം തേടുക.
9. പാഠ്യേതര പ്രവർത്തനങ്ങളിൽ പി.ടി.എ യുടെ സഹായവും സഹകരണവും ഉറപ്പുവരുത്തുക
10. അധ്യയന വർഷാരംഭത്തിൽ എസ്.എസ്. ജി രൂപീകരിക്കുക.
11. സാമൂഹ്യ പ്രവർത്തകർ, റിട്ടയേർഡ് അദ്ധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, കൃഷിക്കാർ, കരകൗശല വിദഗ്ദ്ധർ, മറ്റു മേഖലകളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവരെ ഇതിൽ ഉൾപ്പെടുത്തുക. ഇവരുടെ സേവനങ്ങൾ സന്ദർഭാനുസരണം ഉപയോഗപ്പെടുത്തുക.

IMG to PDF
PDF Converter

# നിലവിലെ അവസ്ഥ

മറ്റുള്ള സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി ധാരാളം സ്ഥലസൗകര്യം നമുക്കുണ്ട്. വിശാലമായ ഗ്രൗണ്ട് നമുക്ക് മാത്രം ഉള്ള സവിശേഷത തന്നെ. പക്ഷെ ഭൗതിക സൗകര്യങ്ങളിൽ നമ്മൾ ഇനിയും ഒരുപാട് മെച്ചപ്പെടേണ്ടതുണ്ട്. അത്പോലെ എല്ലാമുറികളും സ്മാർട്ട് ക്ലാസ്റൂം ആകേണ്ടതുണ്ട്. ലൈബ്രറി, ലാബ്, ലബോറട്ടറി എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം മുറികൾ ആവശ്യമാണ്. പുസ്തകങ്ങളും ഉപകരണങ്ങളും വെയ്ക്കാനുള്ള സൗകര്യത്തോടെ മുറികൾ നവീകരിക്കണം . നമ്മുടെ പാചകപ്പുര മികച്ച് നിൽക്കുന്നതാണ്. അതിന് സ്റ്റോർറൂം സൗകര്യവും ലഭ്യമാണ്. കുടിവെള്ള സൗകര്യം രണ്ടാമതൊരു ടാങ്കും, ടാപ്പുകളും സ്ഥാപിച്ചതോടെ മെച്ചപ്പെട്ടിട്ടുണ്ട്. പൊതുഹാളിന്റെ സൗകര്യം ഒന്നുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഒരു ബസും ഒരു വാനും സ്കൂളിനുണ്ട്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും സ്ഥാപനം മുന്നിട്ട് നിൽക്കുന്നു. കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യമാക്കിക്കൊണ്ട് വളരെയധികം പ്രവർത്തനങ്ങൾ ഈ അധ്യയന വർഷത്തിലും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. തൽഫലമായി കായികമേളകളിൽ പഞ്ചായത്ത്, സബ് ജില്ലാതല ചാമ്പ്യൻഷിപ്പുകളും കലാമേളയിൽ തിളക്കമാർന്ന വിജയങ്ങളും സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച നേട്ടങ്ങളും ഈ സ്ഥാപനം കരസ്ഥമാക്കി. അക്കാദമികവും ഭൗതികപരവുമായ മികവുകൾ വർദ്ധിപ്പിച്ച് വിശാലമായ നേട്ടങ്ങളിലേക്ക് നടന്നെത്താൻ സ്ഥാപനത്തെ പ്രാപ്തമാക്കണം.

മൂന്ന് നില ബിൽഡിങ്ങിന്റെ ഏറ്റവും മുകളിൽ അസഹനീയമായ ചൂടാണ് അനുഭവപ്പെടുന്നത്. ഇതിനൊരു പരിഹാരം മേൽതട്ടിൽ ചൂടിനെ വെല്ലുന്ന കവചം ഇടുക എന്നതാണ്. പക്ഷികളും മറ്റും പ്രവേശിക്കുന്നത് തടയാൻ വലകൾ കെട്ടുകയും ചെയ്താൽ ക്ലാസ് മുറികളോ ഓഡിറ്റോറിയമോ ആക്കി അതിനെ മാറ്റാവുന്നതാണ്.

IMG to PDF
PDF Converter

## സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി

## മേഖല - അക്കാദമികം , ഉപമേഖല - ഭാഷാപഠനം

## പ്രവർത്തനത്തിന്റെ പേര് - ഭാഷോത്സവം

ലക്ഷ്യങ്ങൾ : കുട്ടികളുടെ മാതൃഭാഷാ നിലവാരമുയർത്തൽ, സർഗ്ഗാത്മക രചനകളിലേർപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കൽ.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| മികച്ച രചനകൾ ഒരുക്കൽ | പഠന പ്രവർത്തനത്തിന്റെ ഭാഗമായും സ്വതന്ത്രമായും കുട്ടികൾക്ക് സാഹിത്യ രചനകൾ നടത്താനുള്ള അവസരമൊരുക്കുകയും സർഗ്ഗാത്മക വികസനത്തിന് അവസരമൊരുക്കുകയും ചെയ്യുക. | | 2000 രൂപ | വിദ്യാരംഗം കലാസാഹിത്യ വേദി |
| സർഗ്ഗവേളകൾ ബാലസഭകൾ ശക്തിപ്പെടുത്തൽ | സർഗ്ഗവേളകളുടേയും സാഹിത്യസമാജങ്ങളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനവസരം നൽകുക. | | | വിദ്യാരംഗ കലാസാഹിത്യ വേദി |
| ക്ലാസ് ലൈബ്രറികൾ സജീവമാകൽ | ക്ലാസ് ലൈബ്രറികൾക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ, വായനക്കാർഡുകൾ തയ്യാറാക്കൽ, വായനമൂല മെച്ചപ്പെടുത്തി ഭാഷാ പഠനത്തിന് തൽസമയം ഉപയോഗപ്പെടുത്തൽ, ബാലസാഹിത്യ മാസികകൾ, തളിർ, കളിക്കുടുക്ക, ഡൈജസ്റ്റ് എന്നിവ വായനാമുറിയിൽ എത്തിക്കുക. | | 20000 രൂപ | |
| സർഗ്ഗ ചുമർ | സ്കൂളിന്റെ ഓഫീസിന്റെ മുൻവശത്തായി ചുമരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിര സംവിധാനമൊരുക്കുക, കുട്ടികൾക്ക് അവർ രൂപപ്പെടുത്തുന്ന സർഗ്ഗാത്മക സൃഷ്ടികൾ, കഥ, കവിത, ചിത്രം എന്നിവയെല്ലാം പ്രദർശിപ്പിക്കാനവസരം നൽകൽ. | | 25000 രൂപ | |

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സ്കൂൾ ബ്ലോഗ് | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിന് സ്കൂൾ ബ്ലോഗ് ഉപയോഗപ്പെടുത്തൽ, മികച്ച രചനകൾ, കുട്ടികൾ വരച്ച ചിത്രങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കൽ, സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ, പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ, അഭിമുഖങ്ങൾ നടത്തുക, വായനാനുഭവങ്ങളും എഴുത്തനുഭവങ്ങളും കുട്ടികളുമായി പങ്ക് വെക്കൽ, സാഹിത്യകാരന്മാരുടെ വീടുകൾ സന്ദർശിക്കൽ, പ്രമുഖരായ സാഹിത്യകാരന്മാരുടെ വീടുകൾ സന്ദർശിച്ച് സാഹിത്യരചനകളെ കുറിച്ച് അറിവ് നേടൽ. | | 5000 രൂപ | |
| ICT പഠനം, സി.ഡി. ലൈബ്രറി | ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനാനുഭവങ്ങൾ നൽകൽ, സ്മാർട്ട് ക്ലാസ്റൂം, LCD പ്രൊജക്ടർ ഉപയോഗപ്പെടുത്തൽ, ഭാഷാ പഠനവുമായി ബന്ധപ്പെട്ട സി.ഡികൾ ലഭ്യമാക്കൽ. | | 25000 രൂപ | |
| പഠന പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനംന | പഠന പിന്നോക്കക്കാരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകൽ, ഭിന്നനിലവാരക്കാർക്കായി പ്രത്യേക പഠന പ്രവർത്തനങ്ങൾ നൽകൽ. | | | |

PDF IMG to PDF
PDF Converter

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ദിനാചരണ പ്രവർത്തനങ്ങൾ, ക്വിസ് മത്സരങ്ങൾ | മലയാള സാഹിത്യകാരന്മാരും മറ്റുമായി ബന്ധപ്പെട്ട ദിനാചരണ പ്രവർത്തനങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കൽ, കുട്ടികളിൽ കഴിവ് വർദ്ധിപ്പിക്കുന്നതിനായി ക്വിസ് മത്സരങ്ങൾ നടത്തൽ. | | 50000 രൂപ | |
| പുസ്തക പരിചയം, ഫോട്ടോ ഗാലറി | സ്കൂൾ അസംബ്ലിയിലും അല്ലാതെയുമായി പുസ്തക പരിചയം നടത്താനുള്ള അവസരമൊരുക്കൽ. സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി ഫോട്ടോ ഗാലറി നിർമ്മിക്കുക. മഹത് വചനങ്ങൾ പ്രദർശിപ്പിക്കുക | | | |
| കഥയരങ്ങ് - കവിയരങ്ങ് | കുട്ടികൾക്കായ് കഥകളും കവിതകളും അവതരിപ്പിക്കാനുള്ള അവസരം നൽകൽ, സ്വന്തമായി തയ്യാറാക്കുന്ന സൃഷ്ടികൾ അവതരിപ്പിക്കുന്നതിന് പ്രാധാന്യം നൽകൽ. | | | |
| രചനകൾ പ്രസിദ്ധീകരിക്കൽ, മാഗസിൻ നിർമ്മാണം | കുട്ടികളുടെ രചനകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് തലത്തിൽ രൂപപ്പെടുത്തുന്നതും സ്വന്തമായി രചിച്ചതുമായ രചനകൾ ഉൾപ്പെടുത്തി മാഗസിനുകൾ നിർമ്മിക്കൽ | | 5000 രൂപ | |
| സ്കൂൾ പത്രം | സ്കൂളുമായും പ്രാദേശികമായും ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തി സ്കൂൾ പത്രം തയ്യാറാക്കൽ. ക്യാമ്പുകൾ, ശില്പശാലകൾ, സാഹിത്യകാരന്മാരെയും പഠനക്ലാസുകളെയും ഉൾപ്പെടുത്തി ക്യാമ്പുകളും ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിക്കൽ. | | 50000 രൂപ | |
| നാടകക്കളരി, പാവനാടക പരിശീലനം | കുട്ടികളിൽ അഭിനയമികവുണ്ടാക്കുന്നതിനായി നാടകക്കളരി, പഠനം കൂടുതൽ രസകരമാക്കുന്നതിനായി പാവനാടക പരിശീലനം സംഘടിപ്പിക്കുക | | 10000 രൂപ | |

PDF IMG to PDF
PDF Converter

## അക്കാദമിക് പ്ലാൻ - മലയാളം

| Sl.No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകളെ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം – അടിക്കുറിപ്പ്<br>9. ചിത്രം കഥ പറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. CD-യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 months<br>Aug-Sept | പുസ്തകങ്ങൾ<br>CD | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>IED<br>Trainer<br>P.T.A |

| Sl.No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാര നാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനാമത്സര സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവെക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദ്യകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ- വായന<br>20. പുസ്തകം ഒരുക്കൽ (UP വായന)<br>21. വായനക്കൂട്ടം - മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമൂല<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

| Sl.No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച എഴുത്തുകാര നാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സമാഹരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാസിക, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സ്വന്തം സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. രചനാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. പ്രതിഭകളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | 6 months<br>Auditorium | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>BRC<br>ജനപ്രതിനിധി<br>P.T.A<br>Teachers |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 1-ാം ക്ലാസ്സ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ ശേഷി രാഹിത്യം | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു. ഒഴിവ് സമയങ്ങളിൽ കുട്ടികളെയും രക്ഷിതാവിനെയും പങ്കെടുപ്പിച്ച് കൊണ്ടുള്ള കൈത്താങ്ങ് പഠനക്ലാസുകൾ നൽകുന്നു. | ജൂൺ മുതൽ | 5000 | പി.ടി.എ മാനേജ്മെന്റ് |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയമാക്കൽ | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരിൽ ചിത്രങ്ങൾ വരയ്ക്കുന്നു. | ജൂൺ മുതൽ | 15000 | പി.ടി.എ പൂർവ്വവിദ്യാർത്ഥികൾ മാനേജ്മെന്റ് |
| ഗണിതപഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | ഗണിതപുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിതലൈബ്രറി ഉണ്ടാക്കുക, ഗണിതബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ, ഗണിതക്ലബ്ബ് ശാക്തീകരണം | ജൂലൈ മുതൽ | 25000 | ഗണിതവിഷയ സമിതി |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല. ഗണിതപഠനം വിരസമാകുന്നു. | ഗണിതമാഗസിൻ, ചുമർ പത്രികകൾ, സ്കൂൾതലം മുതൽ ഗണിതശാസ്ത്ര മേള, ചോദ്യോത്തര പരിപാടി, മാത്സ് ക്ലിനിക്, ഗണിത വർക്ക് ഷീറ്റ്, ജിയോജിബ്ര പരിശീലനം, ഗണിത സ്കിറ്റ് അവതരണം, മൂന്നാം ക്ലാസുകൾ | ജൂൺ മുതൽ മാർച്ച് വരെ | 5000 | [illegible] എസ്.ആർ.ജി പി.ടി.എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ – 2-ാം തരം

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയാവതരണ രീതിയിലൂടെ ഭാഷാനുഭവങ്ങൾ ഒരുക്കുക | എസ്.ആർ.ജി മീറ്റിംഗ്<br>സി.പി.ടി.എ മീറ്റിംഗ്<br>സന്നദ്ധ പ്രവർത്തനങ്ങൾ<br>പാഠം അവതരണം – എന്റെ കേരളം<br>സചിത്ര നോട്ട് ബുക്ക് തയ്യാറാക്കൽ<br>പഠനോപകരണ ശില്പശാല<br>സംയുക്ത ഡയറി | ജൂൺ മുതൽ ഫെബ്രുവരി വരെ | 5000 രൂപ | Staff<br>PTA<br>മാനേജ്മെന്റ് |
| നേടിയ ആശയങ്ങൾ സ്വതന്ത്രമായി എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി കൈവരിക്കുക | വായനോത്സവം<br>അമ്മ വായന<br>വായനാ മത്സരം<br>ബാലസാഹിത്യ കൃതികൾ പ്രകാശനം | ജൂൺ മുതൽ മാർച്ച് വരെ | 10000 രൂപ | Staff<br>PTA<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| സ്വതന്ത്ര വായന ഉറപ്പാക്കുക | കുഞ്ഞുപുസ്തകങ്ങളും, വായനാ കാർഡുകൾ<br>എന്റെ നാടിനെ കുറിച്ച് വിവരണം എഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | 2000 രൂപ | ടീച്ചേർസ്<br>പേരന്റ്സ്<br>കുട്ടികളുടെ ഗ്രൂപ്പുകൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – 3-ാം ക്ലാസ്സ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | ആഴ്ചയിൽ ഒരു ദിവസം സാഹിത്യ സമാജം സംഘടിപ്പിക്കുന്നു. നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു.<br><br>ഒഴിവ് ദിവസങ്ങളിൽ കുട്ടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. ചിത്ര രചന പരിശീലനം. | ജൂൺ മുതൽ മാർച്ച് വരെ | 5000 | പി.ടി.എ<br>SSG<br>മാനേജ്മെന്റ് |
| കുട്ടികളിൽ ലേഖനത്തിൽ പ്രയാസം അനുഭവിക്കുന്നു. | പത്രവാർത്തകൾ എഴുതി ഓരോ ദിവസവും ക്ലാസ്സിൽ ഓരോ കുട്ടികൾ അവതരിപ്പിക്കുന്നു. പത്രവായന പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ക്ലാസ്സിലും പത്രങ്ങൾ വിതരണം നടത്തുന്നു. കഥാപുസ്തകങ്ങൾ വിതരണം. | ജൂൺ മുതൽ മാർച്ച് വരെ | [illegible] രൂപ | ടീച്ചേഴ്സ്<br>രക്ഷിതാക്കൾ |
| | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - 4-ാം ക്ലാസ്സ്

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ ശേഷി സാഹിത്യം | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു | | 5000 | പി.ടി.എ<br>എസ്.ആർ.ജി |
| വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുന്നതിന് | ചങ്ങാതിക്കൂട്ടം<br>വ്യത്യസ്ത കലാരൂപങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | 10000 | പി.ടി.എ |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയമാക്കൽ | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ചുവരുകളിൽ ചിത്രങ്ങൾ വരക്കുന്നു. | രണ്ടാം പാദം | 20000 | പി.ടി.എ |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കൽ | സാഹിത്യ ചുമർ<br>കുട്ടികൾക്കായി അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യ ചുവരിൽ പ്രദർശിപ്പിക്കുന്നു. ഓരോ മാസത്തേയും സൃഷ്ടികൾ ചേർത്തുവെച്ച് മാസിക തയ്യാറാക്കുന്നു. | മുതൽ | 1000 | മലയാളം ക്ലബ്ബ് |
| ഭാഷാപരമായ അടിസ്ഥാനശേഷി കൈവരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു | ആദ്യപാദം | 2000 | മലയാളം ക്ലബ്ബ് |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാലാബ് തയ്യാറാക്കുന്നു. | | 25000 | ടീച്ചേഴ്സ്<br>മലയാളം ക്ലബ്ബ് |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യമില്ലാത്തത് ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | കുട്ടികൾക്ക് അവരുടെ സാഹിത്യവാസനകൾ പ്രകടിപ്പിക്കൽ | | | |

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് ഭാഷ

**ലക്ഷ്യങ്ങൾ :** എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പഠനനില കണ്ടെത്തൽ | പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള മികവുകളും പരിമിതികളും കണ്ടെത്തുന്നു. | | | |
| പ്രത്യേക പരിശീലനം നൽകൽ | ഇംഗ്ലീഷിലുള്ള പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കി പരിശീലനങ്ങൾ നൽകൽ. | | | |
| ഇംഗ്ലീഷ് അസംബ്ലി | ആഴ്ച തോറും ഇംഗ്ലീഷ് അസംബ്ലി ചേർന്ന് ഭാഷാ സംബന്ധമായ പരിപാടികളവതരിപ്പിക്കാൻ കുട്ടികൾക്കവസരം നൽകൽ, Thought of the day, news reading, simple rhymes, speeches. | | | |
| ഇംഗ്ലീഷ് ഡയറി | എല്ലാ ദിവസവും ഇംഗ്ലീഷ് ഡയറി തയ്യാറാക്കുന്നതിനുള്ള അവസരം കുട്ടികൾക്ക് നൽകൽ. | | | |
| ഒരു ദിവസം ഒരു ഭാഷാ പരിപാടി | കുട്ടികളുടെ ഭാഷാ ശേഷി വികസനം സാധ്യമാക്കുന്നതിനായി ഒരു ദിവസം ഒരു ഭാഷാ പരിപാടി എന്ന നിലയിൽ ക്ലാസ്സ് റൂമുകളിൽ സംഘടിപ്പിക്കുക. | | | |
| ഇംഗ്ലീഷ് - ക്ലാസ്സ് ലൈബ്രറികൾ | ഇംഗ്ലീഷിനായി പ്രത്യേകം ലൈബ്രറി ഒരുക്കൽ, വായനസാമഗ്രികൾ, short stories, picture stories, poems, novels എന്നിവ ലഭ്യമാക്കൽ. | | | |

PDF IMG to PDF
PDF Converter

# Academic Master Plan

## ENGLISH - UP

| Problems | Remedies | Period | Finance | Agency |
|---|---|---|---|---|
| Teaching empowerment | • Classes for teaches by language experts<br>• workshop for teachers on teaching learning materials | | 10000 | Teachers<br>Management |
| Dedective pronounciation | • Audio video clipping for correct pronounciation<br>• Classes on phonetics by experts<br>• Language lab<br>• ICT facilities<br>• Video clippings<br>• Readers theatre | | 10000 | PTA<br>MPTA<br>Teachers<br>Management |
| Luxk of communication skill | • Dramatisation of stories and enacting them<br>• Conductivity English test<br>• Formation of English club<br>• English assembly | | 5000 | PTA<br>MPTA<br>BRC<br>Teachers |

PDF IMG to PDF
PDF Converter

## സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടി

മേഖല - അക്കാദമികം

ഉപമേഖല - ശാസ്ത്ര പഠനം

ലക്ഷ്യങ്ങൾ : ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ ശാസ്ത്ര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തൽ.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ICT സാങ്കേതിക വിദ്യ | പ്രൊജക്ടർ സംവിധാനം ഉൾപ്പെടുത്തി പാഠഭാഗം അവതരിപ്പിക്കാനുള്ള അവസരം നൽകുക. | | | |
| ലബോറട്ടറി വിപുലീകരണം | ഒരേ സമയം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ പാകത്തിൽ സ്ഥലസൗകര്യമുള്ളതും സുരക്ഷിതത്വമുള്ളതും മറ്റെല്ലാ സജ്ജീകരണങ്ങളുമുള്ള രീതിയിൽ ലബോറട്ടറി ക്രമീകരണം നടത്തുക. | | 50000 രൂപ | |
| ശാസ്ത്രമൂലകൾ | ഓരോ ക്ലാസ്സിലും ശാസ്ത്രമൂലകൾ ഒരുക്കി പരീക്ഷണോപകരണങ്ങൾ, പുസ്തകങ്ങള, പഠന സാമഗ്രികൾ എന്നിവ ലഭ്യമാക്കുക. ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ, ശാസ്ത്ര നോവലുകൾ, കഥകൾ എന്നിവ കുട്ടികൾക്കും രക്ഷിതാക്കൾക്കും വായനക്കായി ഉപയോഗപ്പെടുത്തുക. | | 10000 രൂപ | |
| ശാസ്ത്രാഭിരുചികൾ | കുട്ടികളിൽ ശാസ്ത്രാഭിരുചിയും അന്വേഷണ കൗതുകവും വർദ്ധിപ്പിക്കുന്നതിനായുള്ള പരീക്ഷണങ്ങളും പ്രവർത്തനങ്ങളും നൽകുക. | | | |
| ശാസ്ത്ര മേളകൾ | കുട്ടികളുടെ ശാസ്ത്രപരമായ കഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി ക്ലാസ്സ്തല - സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കുക. പോർട്ട് ഫോളിയോകൾ രൂപപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള അവസരമൊരുക്കുക. | | | |

| Problems | Remedies | Period. | Finance | Agency |
|---|---|---|---|---|
| [Ins]ufficient Vocabulary | • Word games<br>• Word study using computers spelling contests<br>• Making cross word puzzles | | 5000. | Teachers & Students |
| [De]fective sentences pattern | • Making sentence cards<br>• Using sentence card in class room<br>• Playing equipment for English<br>• Writing Blog | | 10000 | HM & Teachers |
| [Ill]egible hand writing | • Writing with ICT facilities<br>• Peer group learning<br>• English diary<br>• English pen friends<br>• Language lab | | 500 | Teachers & Students |
| | | | | |
| | | | | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിത പഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പഠന നില തിരിച്ചറിയൽ | പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ ഗണിതപരമായ മികവുകളും പോരായ്മകളും തിരിച്ചറിയുന്നു. പോരായ്മകൾ പരിഹരിക്കുന്നതിനായി പരിഹാര ബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ, കുട്ടികൾക്ക് വിവിധ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നു. | | 2000 രൂപ | |
| മെട്രിക് മേള, ഗണിതമേള | കുട്ടികളിൽ ഗണിതപരമായ അറിവുകളും കഴിവുകളും താല്പര്യവും വർദ്ധിപ്പിക്കുന്നതിനായി മെട്രിക് മേളകൾ, ഗണിത ശാസ്ത്രമേളകൾ എന്നിവ ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു. | | 5000 രൂപ | |
| പ്രായോഗിക ഗണിത പരിശീലനം | കുട്ടികൾക്ക് പ്രായോഗിക ജീവിതത്തിൽ ആവശ്യമായ ഗണിതപരമായ അറിവുകളെപ്പറ്റി പ്രത്യേക അവബോധം നൽകൽ | | | |
| ഗണിത അന്തരീക്ഷമൊരുക്കൽ | ഗണിത താല്പര്യം വർദ്ധിപ്പിക്കുന്നതിനായി സ്കൂളിലും ക്ലാസ് മുറികളിലും ചിത്രങ്ങളും മാതൃകകളും ഒരുക്കി ഗണിത അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | | | |
| ഗണിതലാബ്, ലൈബ്രറി, ഗണിത മൂല | സ്കൂൾ വിദ്യാർത്ഥികൾക്ക് ഗണിതശേഷി വികസനം സാധ്യമാക്കുന്നതിനായി ഗണിതലാബും ഗണിത പുസ്തകങ്ങളും മറ്റും ഉൾപ്പെടുത്തി ഗണിതലാബും ഗണിത ലൈബ്രറിയും നിർമ്മിക്കുന്നു. ക്ലാസ് മുറികളിൽ ഗണിതമൂലകൾ രൂപപ്പെടുത്തുന്നു. | | 20000 രൂപ | |

PDF IMG to PDF PDF Converter

## Academic Master Plan

## ENGLISH - I[st] STANDARD

| Problems | Remedies | Period | Finance | Agency |
|---|---|---|---|---|
| Detective Pronounciation | • Audio video clipping on correct pronounciation<br>• Classes on phonetics by experts<br>• Language lab<br>• ICT facilities<br>• Video clippings | | 50000 | PTA<br>MPTA<br>Teachers |
| Lack of Communication Skill | • Dramatisation of stories and enacting them<br>• Conducting debates and seminars<br>• Conductiong English Fest<br>• Theatre workshop | | 50000 | PTA<br>MPTA<br>Teachers |
| Addressing slow pace learners | • TM and TLM addressing the slow pace learners<br>• Special coaching classes for slow pace learners<br>• Conductiong action research on slow pace learn-ers | | 3000 | English Teachers |
| Support to gifted childrens | • Special coaching classess using language experts | | 1000 | Teachers and HM |

| Problems | Remedies | Period | Finance | Agency |
|---|---|---|---|---|
| ...dressing slowpace learners | • TM and TLM addressing the slow pace learners<br>• Special coaching classes for slow pace learners<br>• Conducting action research on slow pace learners | | 3000 | English Teachers |
| ...ort to gifted children | • Special coaching classes using language experts<br>• Introducing English Library<br>• English book exhibition<br>• Classes on creative writing<br>• Magazine created by children | | 10000 | English Teachers |
| ...tional Vocabulary | • World Games<br>• Spelling contests<br>• Making crossword puzzle<br>• Dictionary making using the words of the text book | | 3000 | English Teachers |
| ...fective sentence pattern | • Making sentence cards<br>• Using sentence cards in class room<br>• Correct sentence structure with ICT facilities<br>• Publishing magazines in English<br>• Publishing printed magazines | | 5000 | English Teachers |
| ...legible Hand Writing | • Peer group learning<br>• English Diary<br>• English Copy Writing | | 3000 | English Teachers |

PDF IMG to PDF
PDF Converter

# അക്കാദമിക മാസ്റ്റർ പ്ലാൻ - യു.പി

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം മേഖല : കണക്ക്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിശുസൗഹൃദ പഠന സാമഗ്രികളുടെ കുറവ് | ഗണിതലാബ്, ക്ലാസ് ഗണിതലാബ് ശാക്തീകരണം | ജൂൺ മുതൽ ഓഗസ്റ്റ് വരെ | 15000 | പി.ടി.എ സ്റ്റാഫ് |
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി തയ്യാറാക്കൽ | ജൂൺ മുതൽ ഡിസംബർ വരെ | 30000 | പി.ടി.എ മാനേജ്മെന്റ് സ്റ്റാഫ് |
| ഗണിത പഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | ഗണിത ബുള്ളറ്റിൻ ബോർഡ്, ഗണിത ക്ലബ്ബ് ശാക്തീകരണം | ജൂൺ മുതൽ മാർച്ച് വരെ | 2000 | ഗണിത സമിതി |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല. | ഗണിത വർക്ക്ഷീറ്റ്, ഗണിത സ്കിറ്റ് അവതരണം | ജൂൺ മുതൽ മാർച്ച് വരെ | 1000 | മാത്സ് ക്ലബ്ബ് എസ്.ആർ.ജി |
| ഗണിതസാഹിത്യ സൃഷ്ടികൾ പരിചയപ്പെടാൻ കഴിയുന്നില്ല ഗണിത പഠനം വിരസമാകുന്നു. | ഗണിതമാഗസിൻ, ചുമർ പത്രികകൾ ഗണിതശാസ്ത്ര മേള ചോദ്യോത്തരപ്പെട്ടി | ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെ | 5000 | മാത്സ് ക്ലബ്ബ് എസ്.ആർ.ജി |
| ഗണിതകളി, ചെസ്സ്, പസിൽസ്സ് എന്നിവ അടുത്തറിയാൻ അവസരം ലഭിക്കുന്നില്ല. | ഗണിത ഗെയിം കോർണർ | സെപ്തംബർ മുതൽ മാർച്ച് വരെ | 2000 | മാത്സ് ക്ലബ്ബ് എസ്.ആർ.ജി |

PDF IMG to PDF PDF Converter

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ്<br><br>കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു. | • ഐ.സി.ടി വിഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ ലൈവ് ക്ലാസുകൾ<br>• ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ | എല്ലാ വർഷവും | 2000 | സയൻസ് ക്ലബ്ബ് |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | • പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ചുമർചിത്രങ്ങൾ വരയ്ക്കുന്നു.<br>• എല്ലാ ക്ലാസുകളിലും വിസ്മയ ചുമർ നിർമ്മാണം | | 5000 | സയൻസ് ക്ലബ്ബ് |
| സയൻസ് ക്ലബ്ബുകളിലെ കുട്ടികളുടെ പങ്കാളിത്തക്കുറവ് | • ക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ മത്സര പരിപാടികളും, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും<br>• ശാസ്ത്ര മാഗസിൻ, പതിപ്പ് നിർമ്മാണം<br>• സയൻസ് ബുള്ളറ്റിൻ, ബോർഡ് നിർമ്മാണം<br>• വിഖ്യാത ശാസ്ത്രജ്ഞന്മാരെ അറിയാനുതകുന്ന രീതിയിൽ ചിത്രങ്ങളും വിവരണങ്ങളും നൽകൽ | എല്ലാവർഷവും | 20000 | പി.ടി.എ<br>മാനേജിംഗ് കമ്മിറ്റി<br>സയൻസ് ക്ലബ്ബ് |

മേഖല : അറബിക്, ഉറുദു, സംസ്കൃതം

ലക്ഷ്യങ്ങൾ : കുട്ടികളിൽ അറബിക്, ഉറുദു, സംസ്കൃതം ഭാഷയുമായി ബന്ധപ്പെട്ട് ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുട്ടികൾക്കും പ്രയാസം കൂടാതെ സംസാരിക്കാനും എഴുതാനും വായിക്കുവാനും പ്രാപ്തരാക്കുക.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| നല്ല വായന | കുട്ടികളിൽ വായനാശേഷി വർദ്ധിപ്പിക്കുന്നതിനായി ലളിതമായ പുസ്തക ലൈബ്രറികൾ സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി കഥാപുസ്തകങ്ങൾ, ചിത്രകഥകൾ, കവിതാ പുസ്തകങ്ങൾ, മാഗസിനുകൾ എന്നിവ ഉൾപ്പെടുത്തുന്നു. | | | |
| രചനാപരമായ ശേഷികൾ വർദ്ധിപ്പിക്കൽ | കുട്ടികളിൽ രചനാപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി വായനാക്കാർഡ് നിർമ്മാണം, ചുമർപത്രിക നിർമ്മാണം എന്നിവ നടത്തുന്നു. | | | |
| ആസ്വാദനത്തിനുള്ള അവസരം | പാടാനും പറയാനും കഴിവുള്ള പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുകയും എല്ലാ കുട്ടികൾക്കും ആസ്വാദനത്തിനുള്ള അവസരം നൽകി സർഗ്ഗാത്മകമായ വികാസനത്തിനുള്ള സന്ദർഭം ഒരുക്കുകയും ചെയ്യുക. | | | |
| വിവിധ മത്സരങ്ങൾ | കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ മത്സരങ്ങൾ, ക്ലാസ് സഭകൾ, സാഹിത്യ സമാജങ്ങൾ, കാലമേളകൾ, ഫെസ്റ്റുകൾ എന്നിവയിൽ പങ്കെടുക്കാനവസരം നല്കുന്നു. | | | |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | അറബി, ഉറുദു, സംസ്കൃതം ക്ലബ്ബുകളുടെ നേതൃത്വത്തിൽ പാഠ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വിപുലമായ ദിനാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു തൊഴൊപ്പം തന്നെ ഭാഷാദിനം, സി.ഡി പ്രദർശനം, ഐ.സി.ടി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു | | | |

| | | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ | സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി ശാസ്ത്രസംബന്ധമായ മത്സര പരിപാടികളും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും നടത്തുക. | | | |
| ശാസ്ത്ര ക്യാമ്പുകൾ, മാഗസിനുകൾ, പതിപ്പുകൾ | ശാസ്ത്ര സംബന്ധമായി കൂടുതൽ അറിവും താല്പര്യവും വർദ്ധിപ്പിക്കുന്നതിനായി പഠന ക്ലാസ്സുകളും ശാസ്ത്ര ക്യാമ്പുകളും സംഘടിപ്പിക്കുക. മാഗസിനുകൾ, പതിപ്പുകൾ എന്നിവ നിർമ്മിക്കുക. | | | |
| ഔഷധ സസ്യതോട്ടം, ജൈവ വേലി | കുട്ടികളിൽ ഔഷധ സസ്യങ്ങളെ കുറിച്ച് അറിവും ധാരണയുമുണ്ടാക്കുന്നതിനായി ഔഷധ സസ്യത്തോട്ട നിർമ്മാണം നടത്തുന്നു. അതോടൊപ്പം പരിസ്ഥിതി സൗഹൃദ ജൈവവേലി രൂപപ്പെടുത്തുകയും ചെയ്യുക. | | 10000 രൂപ | |
| ബുള്ളറ്റിൻ ബോർഡ് | കുട്ടികളിൽ ശാസ്ത്ര സംബന്ധമായ അറിവുകൾ ഉണ്ടാക്കുന്നതിനായി വാർത്താ ബോർഡുകൾ ബുള്ളറ്റിൻ ബോർഡുകൾ, ക്വിസ്സ് ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നു. | | 2000 രൂപ | |
| ശാസ്ത്രജ്ഞന്മാരെ അറിയൽ | മഹാന്മാരായ ശാസ്ത്രജ്ഞന്മാരെപ്പറ്റി മനസ്സിലാക്കുന്ന രീതിയിൽ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും വിവരണങ്ങളും പ്രദർശിപ്പിക്കുന്നു. | | | |
| ഫീൽഡ് ട്രിപ്പ്, പഠനയാത്ര | ശാസ്ത്രസംബന്ധമായി പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങളിലേക്ക് വസ്തുതകൾ നേരിൽ കണ്ടറിയുന്നതിനായി ഫീൽഡ് ട്രിപ്പുകൾ, പഠന യാത്രകൾ എന്നിവ നടത്തുന്നു. | | | |
| CD ലൈബ്രറി | ശാസ്ത്രജ്ഞന്മാരുടെയും വിവിധ കണ്ടുപിടുത്തങ്ങളുടെയും ഇമേജുകൾ ലഭ്യമാക്കി പ്രദർശിപ്പിക്കുന്നു. | | | |
| സയൻസ് ഫെസ്റ്റ് | കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി സയൻസ് ഫെസ്റ്റുകളും ഭക്ഷ്യമേളകളും സംഘടിപ്പിക്കുന്നു. | | 2000 രൂപ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : അടിസ്ഥാന ശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 5, 6, 7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | • 5, 6, 7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക് ഷീറ്റ് തയ്യാറാക്കുക<br>• നിരന്തരം മൂല്യനിർണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റ് എന്നിവ നടത്തുന്നു. | ആദ്യപാദം<br>എല്ലാ വർഷവും | 10000 | സയൻസ് ക്ലബ്ബ് |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക | • സ്കൂൾ ലാബ് ശാക്തീകരണം<br>• എല്ലാ ക്ലാസ്സുകളിലും ശാസ്ത്രകോർണർ<br>• ശാസ്ത്രപരീക്ഷണങ്ങളിൽ മുഴുവൻ കുട്ടികളെയും പങ്കാളികളാക്കുന്ന രീതിയിൽ ആഴ്ചയിൽ ശാസ്ത്ര പരീക്ഷണമേള | എല്ലാ വർഷവും<br>സി.വി രാമൻ ദിനം | 20000 | പി.ടി.എ<br>മാനേജിംഗ് കമ്മിറ്റി<br>സയൻസ് ക്ലബ്ബ് |
| ശാസ്ത്ര സർഗ്ഗാത്മകതക്കുള്ള അവസരങ്ങൾ കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ<br>• ശാസ്ത്ര നാടകങ്ങൾ | എല്ലാ വർഷവും | 10000 | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സയൻസ് ക്ലബ്ബ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : അറബിക്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പഠനത്തോടൊപ്പം സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ അഭാവം | അറബിക് ചുമർ<br>അറബിക് മരം<br>പ്ലക്കാർഡുകൾ തയ്യാറാക്കൽ | ജൂൺ മുതൽ സെപ്തംബർ വരെ | 5000 | അറബിക് ക്ലബ്ബ്<br>എസ്.ആർ.ജി |
| ഭാഷ പഠിക്കുന്നത് കൊണ്ട് നിത്യ ജീവിതത്തിൽ ധാരാളം പ്രയോജനം ഉണ്ട് എന്ന ധാരണ കുറവ് | വായനാ മത്സരം<br>വാട്സ് ആപ്പ് ഗ്രൂപ്പ്<br>ക്ലാസ് ലൈബ്രറി | ജൂൺ മുതൽ ജനുവരി വരെ | 5000 | പി.ടി.എ<br>അറബിക് ക്ലബ്ബ്<br>അറബിക് ക്ലബ്ബ് |
| അറബി ഭാഷ | എഴുത്തിന്റെ ലോകം | ജൂൺ മുതൽ മാർച്ച് വരെ | 2000 | അറബിക് ക്ലബ്ബ്<br>പി.ടി.എ |
| ധാരാളം കാണാനും കേൾക്കാനും എഴുതാനും സംസാരിക്കാനുമുള്ള അവസരക്കുറവ് | നോക്കി എഴുത്ത് മത്സരം<br>കേട്ടെഴുത്ത് മത്സരം<br>എഴുത്ത് പ്രദർശനം<br>നല്ല എഴുത്തിന് ഒരു സ്റ്റാർ<br>പരസ്പരമുള്ള എഴുത്ത് മത്സരം | ജൂൺ മുതൽ മാർച്ച് വരെ | 5000 | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : സംസ്കൃതം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വാചന കൗശലം | സുഭാഷിതം (ഓരോ ക്ലാസിലും) | 1 വർഷം | അധ്യാപിക | അധ്യാപിക |
| ലേഖന കൗശലം | വായനാ കാർഡുകൾ | എല്ലാ മാസവും | വിദ്യാലയം | സംസ്കൃത ക്ലബ്ബ് |
| സംഭാഷണ കൗശലം | വിവിധ സന്ദർഭ സംഭാഷണം | എല്ലാ മാസവും | | സംസ്കൃത ക്ലബ്ബ് |
| ലേഖന-പഠന കൗശലം | ഒരു ദിവസം ഒരു വാക്ക് | 1 വർഷം | അധ്യാപിക | സംസ്കൃത ക്ലബ്ബ് |
| വാചന കൗശലം | സരള സംസ്കൃത പുസ്തകങ്ങൾ | എല്ലാ ആഴ്ചയും | വിദ്യാലയം | അധ്യാപിക |
| ലേഖന കൗശലം | പോസ്റ്റർ നിർമ്മാണം | | അധ്യാപിക | ക്ലബ്ബ് അംഗം |
| പ്രതിഭാ പ്രകാശനം | ഗാനാഭ്യാസം | ദിനാചരണങ്ങളിൽ എല്ലാ മാസവും | ക്ലബ്ബ് അംഗം | അധ്യാപിക |
| | | | | |

IMG to PDF
PDF Converter

# ആമുഖം

ഇന്ത്യയിൽ ജനിച്ച് ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഖഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സ്വഭാവമായ ഭാഷ കൂടിയാണ് ഉറുദു. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു, കഥകളുടെയും കവിതകളുടെയും സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും സാംസ്കാരിക സമന്വയത്തിന്റെയും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

.............................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അധിഷ്ഠിത മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കളിയും വിനോദവും ചെയ്യുന്ന പഠനാനുഭവങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും എഴുതുവാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ശരിയായ കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠനം ആഘോഷം** ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്** ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദു ലിപിയിൽ മികച്ചതും ശരിയായുള്ളതുമായ കൈ എഴുത്ത് എന്ന ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം | | | | |
| 3 | **e-എഴുത്ത്** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റ് പതിപ്പുകൾ, ഗ്രീറ്റിംഗ് കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ബസ്മെ ഉർദു** പൊതുവിജ്ഞാനം | പൊതുവായതും ഉർദു സാഹിത്യപരവുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | മാ. ൽ 1 ദിനം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനോടും ഹിന്ദുസ്ഥാനി സംഗീതത്തോടും അടുപ്പമുണ്ടാക്കുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സന്ധ്യയും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം ഖിലം** ഉർദുക്യാമ്പ് | കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക പരിചയ ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാശ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം |
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | ഭാഷയിൽ മൊഹബ്ബത്ത് | ഭാഷയിൽ താല്പര്യം വളർത്തുന്നതിന് വേണ്ടി വിവിധ പരിപാടികൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു ഒരു പരിചയം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പോസ്റ്ററുകൾ തയ്യാറാക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

PDF IMG to PDF PDF Converter

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Programme | Activity | Duration | സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|
| UP ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പാക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി, കുട്ടികളെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷര ചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ________ | September to October | ഹിന്ദി നിഘണ്ടു | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനകൂട<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | BRC DIET PTA SCERT |
| | | | | | |

[illegible] : അക്കാദമികം

[illegible] : ലബോറട്ടറി നവീകരണം

| [illegible] | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| [illegible] | കരിക്കുലം വിഭാവനം ചെയ്ത് ലാബ് [illegible] ആവശ്യമായ ലാബ് ഉപകരണങ്ങൾ സാമഗ്രികൾ എന്നിവ കണ്ടെത്തൽ | ജൂൺ | എസ് ആർ ജി | സമഗ്ര ശിക്ഷ കേരളം |
| | ആവശ്യമുള്ള ഉപകരണങ്ങൾ, സാമഗ്രികൾ എന്നിവ സംഘടിപ്പിക്കൽ | ജൂലൈ ആഗസ്റ്റ് | സ്കൂൾ ഗ്രാന്റ് സ്പോൺസർഷിപ്പ് | [illegible] |
| | ലബോറട്ടറിയുടെ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കൽ | ജൂലൈ | പി.ടി.എ [illegible] | |
| | ലബോറട്ടറി സജ്ജീകരിക്കൽ | ആഗസ്റ്റ് | | |

[illegible]

മേഖല – അക്കാദമികം

ഉപമേഖല – സാമൂഹ്യശാസ്ത്ര പഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്ര ക്ലബ്ബ് | സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ഗ്ലോബ്, മാപ്പ്, ആനുകാലികങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങള എന്നിവ ഉൾപ്പെടുത്തി സാമൂഹ്യ ശാസ്ത്ര ലാബ് നിർമ്മിക്കുന്നു. | | 10000 രൂപ | |
| സാമൂഹ്യശാസ്ത്ര മ്യൂസിയം | വിവിധ മാതൃകകൾ, പഴയകാല ഉപകരണങ്ങൾ, നാണയങ്ങൾ, അളവ് പാത്രങ്ങൾ എന്നിങ്ങനെയുള്ള പുരാവസ്തുക്കൾ ഉൾപ്പെടുത്തി സാമൂഹ്യശാസ്ത്ര മ്യൂസിയം നിർമ്മിക്കൽ. തെർമോക്കോൾ, കാർഡ് ബോർഡ്, ശില്പ നിർമ്മിത വസ്തുക്കൾ ഉപയോഗിച്ച് കുട്ടികൾക്ക് പ്രവൃത്തി പരിചയ അനുഭവങ്ങൾ ലഭ്യമാക്കുന്നു. | | 25000 രൂപ | |
| അഭിമുഖങ്ങൾ, സംവാദങ്ങൾ, സെമിനാർ | സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള വ്യക്തിത്വങ്ങളുമായി അഭിമുഖം നടത്തുന്നതിനുള്ള അവസരം നൽകുന്നു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സംവാദങ്ങൾക്കും സെമിനാറുകൾക്കും അവസരം നൽകുന്നു. | | | |
| പ്രസംഗ പരിശീലനം | കുട്ടികളിൽ സാമൂഹ്യ പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രസംഗശേഷി വർദ്ധിപ്പിക്കുന്നതിനുമായി പ്രസംഗ പരിശീലനത്തിനായി അവസരം നൽകുന്നു. | | | |
| പ്രാദേശിക ചരിത്ര നിർമ്മാണം | സാമൂഹ്യശാസ്ത്ര പഠനവുമായി പ്രാദേശികമായ വസ്തുതകൾ മനസ്സിലാക്കുന്നതിനും ചരിത്രനിർമ്മാണം നടത്തുന്നതിനുമുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. | | 20000 രൂപ | |

PDF IMG to PDF
PDF Converter

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സാംസ്കാരിക ചരിത്ര ഫോട്ടോ ഗാലറി | നമ്മുടെ സാമൂഹ്യവും സാംസ്കാരികവുമായ ചരിത്ര വസ്തുതകൾ ഉപയോഗപ്പെടുത്തി ഫോട്ടോ ഗാലറി രൂപപ്പെടുത്തുന്ന. | | 5000 രൂപ | |
| ജൈവ വൈവിധ്യങ്ങൾ തിരിച്ചറിയൽ | സസ്യങ്ങളും മൃഗങ്ങളും പക്ഷികളും ഉൾപ്പെടെ ജൈവ വൈവിധ്യങ്ങളെ തിരിച്ചറിയുന്നതിനും രേഖപ്പെടുത്തുന്ന തിനും കുട്ടികൾക്കവസരം നൽകുന്നു. | | | |
| വാർത്താ ബോർഡ്, ബുള്ളറ്റിൻ ബോർഡ് | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വാർത്താ ബോർഡ്, ബുള്ളറ്റിൻ ബോർഡ് എന്നിവ സ്ഥാപിക്കുന്നു. ക്വിസ് ബോർഡുകൾ സ്ഥാപിച്ച് കുട്ടികൾക്ക് പൊതുവിജ്ഞാനം സംബന്ധിച്ച അറിവുകൾ നൽകുന്നു. ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | | |
| ഫീൽഡ് ട്രിപ്പുകൾ, പഠന യാത്രകൾ | സാമൂഹ്യശാസ്ത്ര സംബന്ധമായ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നു. പ്രാദേശികമായി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ തിരിച്ചറിയുന്ന. | | | |
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ | സമൂഹത്തിലെ വിവിധ തൊഴിൽ മേഖലയിലുള്ളവരുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നു. അഭിമുഖങ്ങൾ നടത്തൽ, സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കൽ എന്നീ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. | | | |
| സാമൂഹ്യ ബോധവൽക്കരണം | സാമൂഹിക ബോധവൽക്കരണം ലക്ഷ്യമാക്കി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, യുദ്ധ വിരുദ്ധ റാലി, പരിസ്ഥിതി ചൂഷണം തടയൽ എന്നിങ്ങനെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണം നടത്തൽ. | | | |
| സ്കൂൾ പാർലമെന്റ് | സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുന്നു. സ്കൂൾ പാർലമെന്റ് രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. | | | |

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വ്യക്തിത്വ വികസന ക്ലാസുകൾ | കുട്ടകളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി ട്രെയിനർമാരെ സംഘടിപ്പിച്ച് പരിശീലന ക്ലാസ്സുകൾ നടത്തുന്നു. കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അവബോധം ഉണ്ടാക്കുന്നു. ട്രാഫിക് ബോധവൽക്കരണ ക്ലാസ് നടത്തുന്ന. | | 20000 രൂപ | |
| ദിനാചരണ പ്രവർത്തനങ്ങൾ | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വിപുലമായ ദിനാചരണ പ്രവർത്തനങ്ങൾ നടത്തുന്നു. മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | | |
| | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : സോഷ്യൽ സയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെ കുറിച്ച് വ്യക്തമായ ധാരണയില്ല | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | 5000 | പൂർവ്വ വിദ്യാർത്ഥികൾ<br>സ്കൂൾ ഫണ്ട്<br>രക്ഷിതാക്കൾ<br>മാനേജ്മെന്റ് |
| കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെ കുറിച്ച് ധാരണക്കുറവ് | • വീടുകളിൽ പഴയ കാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ<br>• സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | 1 വർഷം | 75000 | പൂർവ്വ വിദ്യാർത്ഥികൾ<br>SSG<br>PTA<br>മാനേജ്മെന്റ് |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | • വിദഗ്ധരായ ആളുകളുടെ ക്ലാസ്സ് | ജൂൺ മുതൽ<br>മാർച്ച് വരെ<br>(ലഭ്യത പോലെ) | 1000 | പൂർവ്വ വിദ്യാർത്ഥികൾ<br>സ്കൂൾ ഫണ്ട് |
| പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ | • മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>• ചരിത്രപ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര | ജൂൺ മുതൽ<br>മാർച്ച് വരെ | 5000 | രക്ഷിതാക്കൾ<br>മാനേജ്മെന്റ്<br>SSG |

IMG to PDF
PDF Converter

മേഖല : അക്കാദമികം

ഉപമേഖല : പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നല്കുന്ന പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|
| [illegible] | പ്രവേശനോത്സവത്തിലെ പങ്കാളിത്തം, അസംബ്ലിയിൽ ഇരിപ്പിടം മുൻനിരയിലൊരുക്കൽ | ജൂൺ | | HM, Staff |
| | സമ്മാന വിതരണത്തിൽ പ്രാതിനിധ്യമുറപ്പാക്കൽ | ജൂൺ | | PTA |
| | പ്രത്യേക പഠനാനുഭവങ്ങൾ ആസൂത്രണം | ജൂലൈ | SSA, PTA | SRG |
| | പഠനക്കുറിപ്പ് തയ്യാറാക്കൽ, ഗൃഹസന്ദർശനം | ആഗസ്റ്റ് | | HM, Staff കുട്ടികൾ |
| | CD കളിപ്പാട്ട നിർമ്മാണം | ആഗസ്റ്റ് | PTA, SSA | കുട്ടികൾ |
| | പഠനവൈകല്യം കണ്ടെത്തി റിസോഴ്സ് ടീച്ചറുടെ സേവനം ലഭ്യമാക്കൽ | സെപ്തംബർ | | SRG, PTA |
| | BRC പഞ്ചായത്തുതല സഹായം ലഭ്യമാക്കൽ | ഒക്ടോബർ | BRC | കുട്ടികൾ HM, Staff |
| | സഹപഠിതാവിന്റെ സഹായം ലഭ്യമാക്കൽ | | | |
| | നിർമ്മിച്ച ഉപകരണങ്ങളുടെ പ്രദർശനം | നവംബർ | | PTA, SRG |
| | പ്രത്യേക പഠനപ്രവർത്തനങ്ങൾ നല്കൽ | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ ഗ്രാന്റ് | SRG |

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പാഠഭാഗം ലളിതവും ആകർഷവും ആകുന്നില്ല | • ഐ.ടി അധിഷ്ഠിത ടി.എം. വികസിപ്പിക്കൽ<br>• വർക്ക് ഷീറ്റുകൾ വികസിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | 3000 | IT Wing<br>SRG<br>SSG<br>PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ സ്മാരകങ്ങൾ, സ്ഥലങ്ങൾ ഇവയെ നേരിട്ട് അനുഭവിച്ച് അറിയാനുള്ള ബുദ്ധിമുട്ട് | • സ്കൂൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ലൈബ്രറി<br>• സോഷ്യൽ സയൻസ് ലാബ്<br>• ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്തൽ<br>• ക്ലാസ്സിൽ സാമൂഹ്യ ശാസ്ത്ര കോർണർ | ഒരു വർഷം | 25000 | സ്കൂൾ ഫണ്ട്<br>രക്ഷിതാക്കൾ<br>മാനേജ്മെന്റ് |
| ചരിത്ര പ്രധാന ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും ഉള്ള ധാരണക്കുറവ് | • ദിനാചരണം സംഘടിപ്പിക്കുക<br>• അഭിമുഖം<br>• വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | ഒരു വർഷം | 10000 | SRG<br>ദിനാചരണ കമ്മിറ്റി<br>PTA<br>SSG |
| കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധക്കുറവ് | • ക്ലാസ്, സംഗീതശില്പം എന്നിവ സംഘടിപ്പിക്കുക | ഒരു വർഷം | | സബ്ജക്റ്റ് കൗൺസിൽ |

PDF IMG to PDF PDF Converter

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഭിന്നശേഷി നിലവാരക്കാർ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ | • ഓരോ വർഷവും ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | 1500 | ബി.ആർ.സി |
| പാഠഭാഗങ്ങളുടെ അനുരൂപീകരണം സാധ്യമാകുന്നില്ല. | • റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക<br>• ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br>• ഇത്തരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക TM തയ്യാറാക്കുക<br>• സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക<br>• ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ, സംവിധാനങ്ങൾ എന്നിവ ഒരുക്കുക | ജൂൺ മുതൽ മാർച്ച് വരെ | 30000 | ബി.ആർ.സി<br>പി.ടി.എ<br>എസ്.എസ്.ജി |
| പ്രത്യേകം പരിഗണന കുട്ടായ്മ | • ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിരന്തരമായ പ്രോത്സാഹനം നൽകുന്നു.<br>• പ്രോഗ്രാം ആരംഭിക്കുന്നു<br>• കഥ, പാട്ട്, വരപ്പിക്കൽ, കേൾപ്പിക്കൽ, വായിച്ചുകൊടുക്കൽ എന്നിവ ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | 1500 | പി.ടി.എ<br>സ്റ്റാഫ് |
| സാമൂഹ്യ പങ്കാളിത്തത്തിന്റെ കുറവ് | • ഇത്തരക്കാർക്ക് പുറത്ത് ഒത്തുകൂടാനുള്ള പൊതുഇടങ്ങൾ കണ്ടെത്തുക. | ജൂൺ മുതൽ മാർച്ച് വരെ | 5000 | പി.ടി.എ<br>സ്റ്റാഫ് |

IMG to PDF
PDF Converter

മേഖല : അക്കാദമികം

ഉപമേഖല : ഉച്ചഭക്ഷണ പദ്ധതി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അർഹരായ എല്ലാ കുട്ടികൾക്കും രുചിയായ അന്തരീക്ഷത്തിൽ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | ഉച്ചഭക്ഷണ സമിതി രൂപീകരണം | ജൂൺ | | HM |
| | ലിസ്റ്റ് തയ്യാറാക്കൽ | | Staff | |
| | ഉച്ചഭക്ഷണം - പൊതുനിലവാരം രൂപീകരിക്കൽ | ജൂലൈ | | ഉച്ചഭക്ഷണ കമ്മിറ്റി |
| | ശുചിത്വം, ഭക്ഷണത്തിലെ വൈവിധ്യം | | | |
| | കുട്ടികളുടെ ലിസ്റ്റ് ശേഖരിക്കൽ | ജൂൺ | | HM |
| | രക്ഷിതാക്കൾക്ക് നൽകൽ | | | |
| | പ്രതിമാസ വിലയിരുത്തൽ | ജൂലൈ- മാർച്ച് | | ഉച്ചഭക്ഷണ കമ്മിറ്റി |
| | മെച്ചപ്പെടുത്തൽ | | | HM |
| | പച്ചക്കറി കൃഷിത്തോട്ടം | ജൂലൈ- മാർച്ച് | | PTA, കുട്ടികൾ |

മേഖല : അക്കാദമികം

ഉപമേഖല : ആരോഗ്യ - കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ ആരോഗ്യ - കായികശേഷി വർധിപ്പിക്കൽ, കളികളിലേർപ്പെടൽ, പ്രതിരോധ ശേഷി വർധിപ്പിക്കൽ | നിലവിലുള്ള ആരോഗ്യ സമിതി പരിശോധന | ജൂലായ് | | HM, SRG PET |
| | ക്ലാസ് വിലയിരുത്തൽ, അനുയോജ്യമായ ആരോഗ്യ കായിക പ്രവർത്തനങ്ങളെ നിർണയിക്കൽ (നീന്തൽ, സൈക്കിൾ പരിശീലനം) രൂപീകരണം, പ്രവർത്തന കലണ്ടർ | ജൂലായ് | | |
| | പ്രാദേശിക വിദഗ്ധരെ കണ്ടെത്തൽ | ഓഗസ്റ്റ് | | HM, PTA Staff |
| | മത്സരങ്ങൾക്ക് സജ്ജമാക്കൽ (വോളിബോൾ, ഷട്ടിൽ, റിലേ) | ഒക്ടോബർ ഡിസംബർ | | HM, PTA, PET |
| | കളിയുപകരണങ്ങൾ സംഘടിപ്പിക്കൽ | ജനുവരി | | PET |
| | അവധിക്കാല കോച്ചിംഗ് | ഏപ്രിൽ | | |

മേഖല : അക്കാദമികം

ഉപമേഖല : പഠനനേട്ടം ഉറപ്പാക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|
| [illegible] | ടൈം ടേബിൾ ക്രമീകരണം | ജൂൺ ആദ്യം | HM | |
| | പ്രീ ടെസ്റ്റ് അപഗ്രഥനവും പരിഹാര നിർണയവും | | | HM |
| | ശില്പശാല (യൂണിറ്റ് വിഷയാടിസ്ഥാനത്തിൽ പ്രവർത്തന പാക്കേജ്) | ജൂലൈ | | SRG |
| | പ്രക്രിയാധിഷ്ഠിതമായി ക്ലാസ് പ്രവർത്തനം | പ്രതിവാരം | | |
| | സബ്ജക്ട് കൗൺസിൽ, SRG | | | |
| | വായനാ സാമഗ്രി, വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ കണ്ടെത്തൽ, പഠനക്യാമ്പ് | പ്രതിവാരം | | |

മേഖല : അക്കാദമികം
ഉപമേഖല : സ്കൗട്ട്, ഗൈഡ് പ്രവർത്തനങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പഠനപ്രവർത്തനങ്ങളെ സാമൂഹ്യസേവനപ്രവർത്തനങ്ങളുമായി യോജിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്കൗട്ട് ഗൈഡ് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നത്. ഇതിലൂടെ വിദ്യാർത്ഥികളിൽ സേവന മനോഭാവവും അച്ചടക്കവും സ്വായത്തമാക്കുകയാണ് പ്രധാനമായും ലക്ഷ്യം വെക്കുന്നത്. | സ്കൂൾ പരിസര ശുചീകരണം | ജൂൺ | | |
| | ലഹരിവിരുദ്ധ ബോധവല്ക്കരണം | ജൂൺ | | |
| | പട്രോൾ കോർണർ നിർമ്മാണം | ജൂലൈ | | പി.ടി.എ |
| | നാട്ടിൽനിറയെ നാട്ടുമാവ് പദ്ധതി | | | |
| | പൂന്തോട്ട നിർമ്മാണം | ജൂലൈ | | |
| | സ്വാതന്ത്ര്യദിനാഘോഷം | ആഗസ്റ്റ് | | |
| | മഴക്കാലരോഗങ്ങൾ - ബോധവല്ക്കരണം | സപ്തംബർ | | |
| | ഗാന്ധിജയന്തി സന്ദേശറാലി | ഒക്ടോബർ | | |
| | പ്രകൃതിയെ തൊട്ടറിയുക - യാത്ര | ഒക്ടോബർ | | |
| | ഡേ ഹൈക്ക് ക്യാമ്പ് | നവംബർ | | |
| | ജീവകാരുണ്യ പ്രവർത്തനങ്ങൾ | ജനുവരി | | |
| | പൊതുസ്ഥലങ്ങൾ ശുചീകരണം | ഫെബ്രുവരി | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - യു.പി

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം മേഖല : ഗൈഡ്സ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പഠനപ്രവർത്തനങ്ങളെ സാമൂഹ്യ പ്രവർത്തനങ്ങളുമായി യോജിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ | സ്കൂൾ പരിസര ശുചീകരണം<br>ലഹരി വിരുദ്ധ ബോധവത്ക്കരണം<br>പട്രോൾ കോർണർ നിർമ്മാണം | ജൂൺ<br>ജൂൺ<br>ജൂലായ് | | PTA, Teacher Student<br>PTA, Teacher |
| സേവന മനോഭാവവും അച്ചടക്കവും സ്വായത്തമാക്കാൻ | നാട്ടിൽ നിറയെ നാട്ടുമാവ് പദ്ധതി<br>പൂന്തോട്ട നിർമ്മാണം<br>സ്വാതന്ത്ര്യദിനാഘോഷം<br>മഴക്കാലരോഗങ്ങൾ ബോധവത്ക്കരണം | ആഗസ്റ്റ്<br>സപ്തംബർ | | PTA, Teacher<br>PTA, Teacher |
| സ്വയം തൊഴിൽ പരിശീലനം | സോപ്പ്, ലിക്വിഡ് കിറ്റ് നിർമ്മാണം<br>കുട, ബാഗ്, നിർമ്മാണം | നവംബർ | | |
| | | | | |

PDF IMG to PDF PDF Converter

മേഖല : അക്കാദമികം

ഉപമേഖല : ജൈവ വൈവിധ്യ പാർക്ക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കാമ്പസ് ഒരു പാഠപുസ്തകം എന്ന ലക്ഷ്യത്തോടെ കുട്ടികൾക്ക് ജൈവ വൈവിധ്യങ്ങളെ മനസ്സിലാക്കാനായി ജൈവ പാർക്ക് നിർമ്മിക്കൽ | എസ്.ആർ.ജി യോഗം ചേരാൻ പ്രൊജക്ട് തയ്യാറാക്കൽ | ജൂൺ | | HM, Staff |
| | പി.ടി.എ, പൂർവ്വ വിദ്യാർത്ഥി മീറ്റിംഗ്, പ്രൊജക്ട് ചർച്ച | | | |
| | പ്രവർത്തനങ്ങൾക്ക് അന്തിമ രൂപം നൽകൽ | | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ | |
| | സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ വെച്ചു പിടിപ്പിക്കൽ, ചെടിപിടിപ്പിക്കൽ (പൂന്തോട്ട നിർമ്മാണം) കുട്ടികളുടെ സ്ക്വാഡുകൾ രൂപീകരിക്കൽ | ജൂൺ ജൂലായ് | | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ |
| | ജൈവ വൈവിധ്യ കേന്ദ്രമൊരുക്കൽ, കുട്ടികൾക്ക് ഇരിപ്പിടങ്ങൾ നിർമ്മിക്കൽ | ആഗസ്ത് | | |

മേഖല : അക്കാദമികം

ഉപമേഖല : ഗൃഹസന്ദർശനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും വീടുകളുമായി ബന്ധം സ്ഥാപിക്കൽ, വിദ്യാർത്ഥികളുടെ ഗൃഹാന്തരീക്ഷത്തെപ്പറ്റിയുള്ള ധാരണയുണ്ടാക്കൽ | ആലോചനാ യോഗം | ഓഗസ്റ്റ് | | |
| | അദ്ധ്യാപകരെ ഗ്രൂപ്പാക്കൽ | ഓഗസ്റ്റ് | ഗ്രൂപ്പ് | ഗ്രൂപ്പ് |
| | സന്ദർശനം നടത്തേണ്ട ഭാഗം തീരുമാനിക്കൽ | സെപ്തംബർ | | |
| | സന്ദർശനം നടത്തൽ | സെപ്തംബർ | | |
| | വിലയിരുത്തൽ | ഒക്ടോബർ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല : അക്കാദമികം ഉപമേഖല : എന്റെ വിദ്യാലയം ശുചിത്വ വിദ്യാലയം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയക്രമം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്, സ്കൂൾ, മൂത്രപ്പുര, പാചകശാല പരിസരം എന്നിവ വൃത്തിയായി സൂക്ഷിക്കുക. രോഗങ്ങളിൽ നിന്നും മുക്തി നേടുക | ടഞ്ചഎ യോഗം ചേരൽ, പ്രൊജക്ട് തയ്യാറാക്കൽ, അദ്ധ്യാപകർക്ക് ചുമതല നൽകൽ | ജൂൺ | HM | |
| | പി.ടി.എ മീറ്റിംഗ്, പ്രൊജക്ട ചർച്ച | ജൂൺ | HM, Staff | |
| | പ്രവർത്തനങ്ങൾക്ക് അന്തിമരൂപം നൽകൽ, സ്കാഡുകൾ രൂപീകരിക്കൽ | ജൂലൈ | PTA<br>Manager<br>SRG | SSA<br>PTA<br>Manager |
| | ക്ലാസ്, ടോയ്‌ലറ്റ്, മൂത്രപ്പുര, പാചകശാല, സ്കൂൾ പരിസരം വൃത്തിയാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Staff<br>PTA | |
| | വ്യക്തിശുചിത്വം ഉറപ്പാക്കൽ | | | |
| | കമ്പോസ്റ്റ് കുഴി നിർമ്മാണം<br>ബോധവൽക്കരണം നടത്തൽ | ഒക്ടോബർ | SRG<br>PTA | |
| | | | | |

മേഖല : അക്കാദമികം

ഉപമേഖല : ജാഗ്രതാ സമിതി ബോധവൽക്കരണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സമൂഹത്തിന്റെ വിവിധതരം കോണുകളിൽ നിന്ന് കുട്ടികൾക്ക് നേരിടുന്ന മാനസിക വെല്ലുവിളികൾ നിർഭയമായി അവതരിപ്പിക്കുന്നതിനും അതിന് പരിഹാരം കണ്ടെത്തി പുതിയ പുതിയ പഠന പ്രവർത്തനങ്ങളെപ്പറ്റിയും മറ്റു പൊതുകാര്യങ്ങളെപ്പറ്റിയും അവബോധം സൃഷ്ടിക്കുന്നതിന് | ആലോചനാ യോഗം | മെയ് | എച്ച്.എം. സ്റ്റാഫ് | |
| | സമിതി രൂപീകരണം | മെയ് | എച്ച്.എം. സ്റ്റാഫ് | |
| | ജാഗ്രതാ പെട്ടി പൊട്ടിക്കൽ | ജൂൺ | കൺവീനർ | സ്റ്റാഫ് പി.ടി.എ |
| | ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | എല്ലാ മാസവും | കൺവീനർ | |
| | കുട്ടികൾക്ക് ക്ലാസ് സംഘടിപ്പിക്കൽ | | എല്ലാ മാസവും കൺവീനർ | |

മേഖല : അക്കാദമികം

ഉപമേഖല : എൽ.എസ്.എസ്, യു.എസ്.എസ് പരിശീലനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പിന്തുണ |
| --- | --- | --- | --- | --- |
| എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം ലക്ഷ്യമാക്കി കുട്ടികളെ പ്രാപ്തരാക്കൽ. | കുട്ടികളെ സെലക്ട് ചെയ്യൽ | ജൂൺ | | എസ്.ആർ.ജി |
| | രക്ഷിതാക്കളുടെ യോഗം ചേരൽ | ജൂലൈ | | |
| | എസ്.ആർ.ജി ചേരൽ, പ്രക്രിയാബന്ധിതമായ പരിശീലന ക്ലാസ്സുകൾ നൽകൽ | ഒഴിവുദിവസങ്ങളിൽ | | |
| | ശില്പശാല (വിഷയാടിസ്ഥാനത്തിൽ പ്രവർത്തന പാക്കേജ്) | സെപ്തംബർ | | |
| | വായനാ സാമഗ്രികൾ ലഭ്യമാക്കൽ | പ്രതിമാസം | | എസ്.ആർ.ജി |
| | മാതൃകാ ചോദ്യങ്ങൾ നൽകൽ, മാതൃകാ പരീക്ഷ നടത്തൽ | പ്രതിമാസം | | എസ്.ആർ.ജി |
| | പുറത്തുനിന്നുള്ള സഹായം ലഭ്യമാക്കൽ | | | എസ്.ആർ.ജി |

## ഉപസംഹാരം

നമ്മുടെ വിദ്യാലയത്തിന്റെ
അക്കാദമിക നിലവാരം വർദ്ധിപ്പിച്ച്
കുട്ടികളെ മികച്ച കഴിവുള്ള
ഉത്തരവാദിത്തമുള്ളവരാക്കുകയെന്ന
ലക്ഷ്യത്തോടെ രൂപം കൊടുത്ത
അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്
വിദ്യാലയത്തിൽ സാമൂഹിക പങ്കാളിത്തം
ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്.
എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ,
എസ്.എസ്.ജി, എസ്.എം.സി,
പൂർവ്വ വിദ്യാർത്ഥി സംഘടന,
റിട്ടയേർഡ് അദ്ധ്യാപകർ,
മറ്റ് വിദ്യാഭ്യാസ സാമൂഹിക പ്രവർത്തകർ,
സന്നദ്ധ സംഘടനകൾ
എന്നിവരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി
ചർച്ചകൾ സംഘടിപ്പിച്ചു
ഈ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി
മികച്ച നിർദ്ദേശങ്ങളും
സഹായ സഹകരണങ്ങളും നൽകിയവരോട്
കടപ്പാട് അറിയിക്കുന്നു.

IMG to PDF
PDF Converter